**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3594** **15-02-2024 - ൽ മറുപടിയ്ക്ക്**

**തെയ്യം മ്യൂസിയം സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിലെ ചന്തപ്പുരയിൽ തെയ്യം മ്യൂസിയം സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി - പാണപ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട ചന്തപ്പുരയിൽ പുതിയതായി സ്ഥാപിക്കുന്ന തെയ്യം മ്യൂസിയത്തിനായി സർക്കാർ നോഡൽ ഏജൻസിയായ M/s കേരളം ചരിത്ര പൈതൃക മ്യൂസിയം മുഖേന 7,96,27,309/- രൂപയുടെ DPR തയ്യാറാക്കി സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ സാങ്കേതികമായ ചില കാരണങ്ങളാൽ സമയബന്ധിതമായി ടി പദ്ധതി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ടി പദ്ധതി നടപ്പിലാക്കുന്നതിന് മറ്റൊരു അംഗീകൃത ഏജൻസിയായ M/s ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി ലിമിറ്റഡ്, കോഴിക്കോടിനെ ചുമതലപ്പെടുത്തുകയും തുടർന്ന് 14 കോടി രൂപയുടെ പുതിയ DPR തയ്യാറാക്കി ടി ഏജൻസി നൽകുകയും ചെയ്തു. 26.09.2023 തീയതിയിലെ വർക്കിംഗ് ഗ്രൂപ്പ് യോഗം ഇത് പരിഗണിച്ചു. DPR ലെ സാങ്കേതികമായ ചില കാര്യങ്ങളിന്മേൽ വിശദീകരണം നൽകുന്നതിന് മ്യൂസിയം വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹു. കല്ല്യാശ്ശേരി എം.എൽ.എ. ശ്രീ. എം. വിജിൻ അവർകളുടെ സാന്നിദ്ധ്യത്തിൽ വകുപ്പ് മന്ത്രി 12.02.2024 ൽ ഈ വിഷയത്തിൽ ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഒരു യോഗം വിളിച്ച് ചേർക്കുകയും പദ്ധതി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ